# NISH

## Admission to the Degree Programs

**Exclusively for Deaf and Hard of Hearing Students**

(Under University of Kerala)

2020– 2021

Bachelor of Fine Arts (HI)

Bachelor of Commerce (HI)

B.Sc.(Computer Science)(HI)

# PROSPECTUS

NATIONAL INSTITUTE OF SPEECH & HEARING
NISH Road, Sreekaryam PO, Thiruvananthapuram- 695017, Kerala, India
Tel: +91-471-294-4601, 2596919, 2596920. Fax: +91-471-306-6699; web: www.nish.ac.in
Admissions Email: admissions@nish.ac.in Admissions Website: http://admissions.nish.ac.in
Admissions Helpline: +91-471-294-4635

Contents


1 THE INSTITUTION 3

2 THE PROGRAM 3

3 NUMBER OF SEATS 4

4 RESERVATION OF SEATS 4

5 WHO CAN APPLY? 4

6 HOW TO APPLY? 4

7 LAST DATE FOR APPLICATION 6

8 METHOD OF SELECTION 6

9 REQUIREMENTS FOR APPEARING FOR ONLINE VIVA VOCE/ WRITTEN APTITUDE TEST 7

10 IMPORTANT DATES FOR ADMISSION 7

11 FEE STRUCTURE 8

12 GENERAL INFORMATION 9

13 GENERAL CODE OF CONDUCT 9

14 EVALUATION, EXAMINATION AND ISSUE OF DEGREE 10

15 STEPS TO PAY THE FEES THROUGH ONLINE GATEWAY 13

# NISH

## NATIONAL INSTITUTE OF SPEECH & HEARING

THIRUVANANTHAPURAM, KERALA, INDIA.

## 1. THE INSTITUTION

National Institute of Speech & Hearing (NISH) is an academic institution under the Ministry of Social Justice, Government of Kerala. It is established as a society of the Government of Kerala registered under Travancore–Cochin Literary, Scientific and Charitable Societies Registration Act, 1955. NISH has been set up with the primary aim of taking up educational and rehabilitation programs necessary for the integration of individuals with disabilities. The initial focus has been hearing and speech impairments. As the NISH operations expanded, the focus has also extended to include other disabilities. NISH conducts programs both for professional preparation and also for higher education of people with disabilities. NISH is currently a college under the University of Kerala and the degree will be awarded by the University of Kerala

## 2. THE PROGRAM

This prospectus is for the Degree Programs for Persons who are Deaf and Hard of Hearing. The programs offered are **B.Sc. (ComputerScience)(HI), Bachelor of Commerce (HI) and Bachelor of Fine Arts (HI)**. The programs are affiliated to the University of Kerala.

The curriculum for the above programs consists of theory and practical, with stress on practical sessions. On successful completion of the program, the candidates will be awarded the Bachelor degree in their respective subjects by the University of Kerala.

The regulations, scheme and syllabi for the **B.Sc. (ComputerScience)(HI) and Bachelor of Commerce (HI)** programs have been revised in 2019 and will follow the credit based system.**The duration of B.Sc. (ComputerScience)(HI) and B.Com(HI) are 4 years having 8 semesters and Bachelor of Fine Arts(HI) is 5 years having**

**10 semesters.** The first year (having two semesters) is the Preparatory Year and will focus exclusively in Basic Mathematics, Communicative English and Indian Sign Language. A student admitted to a degree program is required to pass all the subjects in the Preparatory year to be eligible to continue into the second year of the degree program.

## 3. NUMBER OF SEATS

3.1. The maximum number of seats for each of the above programs is 30. However, the seats will be only filled with students who pass the Online aptitude test / viva voce.

## 4. RESERVATION OF SEATS

4.1. Twenty percent of the total seats (i.e. 6 seats) in each of the degree programs are reserved for candidates belonging to SC/ST.

4.2. If any seat remains unfilled in the above category, the same will go to the general category.

## 5. WHO CAN APPLY?

5.1. Admission is restricted to those who are deaf/hard of hearing as defined in the " Rights of Persons With Disabilities (RPWD) Act, 2016. " Deaf'' means having 70 dB hearing loss in speech frequencies in both ears. " Hard of hearing" means having 60 dB to 70 dB hearing l;oss in speech frequencies in both ears.

5.2. Candidates seeking admission to the Degree (HI) program should have passed the Plus Two/Pre degree or its equivalent from any Board or University in India, recognized as equivalent for admission to a degree program in any University in India. Candidates with equivalent qualifications in India or abroad also will be eligible.

## 6. HOW TO APPLY?

6.1. Candidates should apply online through website **http://admissions.nish.ac.in**

6.2. All applicants should have an email id and a mobile phone number in which notifications can be received. This should be entered correctly in the application form. No paper notifications through postal mail will be sent.

6.3. **The given Mobile phone number must, preferably, have Whatsapp video call facility.**

6.4. The application fee is Rs.150/- for General and OBC candidates and Rs.75/- for SC/ST candidates.

6.5. The bank charges for remitting the fee should be borne by the candidate.

6.6. Payment of application fee can be made through the Online payment gateway in our website ( www.nish.ac.in) or at any branch of State Bank of India (SBI) using a challan form available at all SBI branches. Payment should be made to the NISH Account No: 67224749979 at SBI, Akkulam, Trivandrum. The candidate can also download the challan form at the NISH admissions website admissions.nish.ac.in. The downloaded bank challan will have the details of the NISH account to which the application fee has to be transferred. The reference number obtained from the bank and the remittance details should be entered in the application form.

6.7. Those who have internet banking facility can remit the fees via NEFT transaction to "NISH FEE ACCOUNT", State Bank of India, Akkulam branch Account No:67224749979 with IFSC Code SBIN0070581. Please note the Unique Transaction Reference (UTR) number and date as this will have to be entered in the application form.

6.8. The candidates are advised to bring the original challan / proof of NEFT / online transaction when they come for the interview.

6.9. Application forms not accompanied by the NEFT/ challan will not be considered.

6.10. Candidates are advised NOT to enclose originals of any certificates along with the application form. NISH will not be responsible for any original certificates enclosed with the application form.

6.11. Original documents should be produced when called for the interview.

6.12. The Institute reserves the right to reject the application of the candidate, if:

a) The application is incomplete in any aspect.
b) The details in the application form do not match the supporting document.
c) The required fees are not remitted or the proof thereof is not attached.

d) The candidate fails to satisfy the eligibility criteria.

e) Any false or incorrect information is furnished.

f) The required enclosures are not submitted with the printed application form.

6.13. Foreign candidates need to contact the Admissions Helpline for details of submitting the application and the admission process.

# 7. LAST DATE FOR APPLICATION

7.1. The last date for submitting the online application will be **October 28, 2020**. Other important dates are listed in Section 10.

# 8. METHOD OF SELECTION

8.1. Candidates seeking admission to the Degree(HI) programs will have to appear for an Online test conducted by NISH.

8.2. This year considering the safety issues of the candidates due to the Covid 19 pandemic, the aptitude test for admission to the degree programs will be conducted online.

8.3. Those who do not appear for the Online aptitude test / viva voce will not be considered for admission to the degree programs.

8.4. Instructions to the candidates will be sent prior to the test and the candidate should read and understand the instructions carefully before the test.

8.5. The Online aptitude test / viva voce will be conducted individually for each candidate.The date and time of the test will be intimated in advance.

8.6. In the Online aptitude test / viva voce, the candidates will be tested in their basic knowledge of English, Mathematics and Logical reasoning.

8.7. Those candidates who desire to opt for Bachelor of Fine Arts (HI) will have to take an additional Skill test. For the Skill test, the candidate will be required to send a set of assigned work to the mailId **admissions@nish.ac.in** at a pre-informed time and date. This work will be evaluated for a Pass/Fail.

8.8. Those who do not take the Skill test mentioned in Clause 8.7 will not be considered for admission to the Bachelor of Fine Arts (HI) program later.

8.9. The entire process may be video recorded to ensure transparency.

8.10. There will be a cut-off mark for the Online aptitude test / viva voce. Only those who secure marks above the cut-off level will qualify for the rank list and admission to the Degree programs.

8.11. A rank list of eligible students for admission to the degree programs will be prepared based on the marks secured by the candidate in the Online aptitude test / viva voce and the marks scored by the candidate in their qualifying examination, giving equal weightage for both.

8.12. In case of a tie, the following norms will be applicable in the order given below..

a. The marks obtained in the online viva voce-aptitude test.
b. The mark obtained in the qualifying exam which is Plus Two or equivalent thereto.
c. Date of birth, older candidate being given preference.

8.13. The candidates who are in the rank list can choose their preferred program for Degree at the time of interview based on their position in the rank list as per seat availability.

8.14. **Admission to BSc Computer Science (HI), B.Com (HI), BFA (HI) will be based on separate cut-offs for each program.**

8.15. The Candidates who **do not qualify the** Online aptitude test / viva voce will not be eligible for any of the Degree programs.

8.16. Once admitted to a program and the list sent to the University, no change of program will be permitted.

# 9. REQUIREMENTS FOR APPEARING FOR ONLINE VIVA VOCE/ WRITTEN APTITUDE TEST:

9.1. Smartphone/Laptop/PC with good internet connection.

9.2. WhatsApp messenger ( Version 2.20.194.16 or Latest Version) or Google Meet installed with Video call facility

# 10. IMPORTANT DATES FOR ADMISSION

10.1. The following are the important dates in regard to admission. Any change will be notified through SMS and email to all relevant applicants.

| No | Description | Date |
|---|---|---|
| 1 | Application for Admission Starts | **October 14, 2020** |
| 2 | Last Date to Submit Online Applications | **October 28, 2020** |
| 3 | Online Aptitude Test / Viva voce | **November 2 to November 10, 2020** |
| 4 | Publication of Rank List | **November 16, 2020** |
| 5 | Physical Interview & Admission Formalities | **November 19th to November 24th, 2020** |
| 6 | Start of classes | **Will be announced later** |

# 11. FEE STRUCTURE

11.1. The tuition fee for Indian nationals is Rs. 6000/- per semester.

11.2. Additionally students must pay Rs. 1000/- for the Graduation ceremony and a refundable caution fee of Rs. 2000/- at the time of admission. If the student fails to pass the preparatory year after 2 successive attempts, he/she is to terminate the program and his/her Graduation Ceremony fee of Rs 1000 will be refunded.

11.3. For foreign applicants from SAARC nations, the tuition fee per semester will be Rs.20,000/- and for those from other nations the tuition fees will be Rs.30,000/-.

11.4. SC, ST candidates are eligible for fee concession and will be exempted from payment of tuition fee. Candidates belonging to OEC will be exempted from payment of fee in case of un-availed seats of SC/ST, in the order of their merit of admission. The norms set by the SC/ST Department will be followed for the award of concession.

11.5. Tuition fee is payable at the beginning of each semester. Late charges will be applicable if the fee is remitted after the first 10 working days of the semester.

11.6. The candidate will have to pay the examination fee and other fees as prescribed by the University from time to time. Fees remitted will not be refunded under any circumstance.

11.7. Tuition fee and other fees can be made through the Online payment gateway in our website ( www.nish.ac.in) or at any branch of State Bank of India (SBI) using a challan form available at all SBI branches. Payment should be made to the NISH Account No: 67224749979 at SBI, Akkulam, Trivandrum. The candidate

can also download the challan form at the NISH admissions website admissions.nish.ac.in. The downloaded bank challan will have the details of the NISH account to which the application fee has to be transferred. The reference number obtained from the bank and the remittance details should be entered in the application form.

11.8. The admitted candidates can apply for the National scholarship for persons with disabilities by the Ministry of Social Justice and Empowerment, Government of India,SC/ST scholarship and the State level Scholarship given by the Social Welfare department. NISH shall provide assistance to the candidates in applying for the scholarships.

# 12. GENERAL INFORMATION

12.1. Candidates selected for interview will be intimated by email / SMS. No paper notifications will be sent through postal mail.

12.2. If any information given in the application by the candidate is found to be false on verification at the time of interview or even at a later stage, the candidate will forfeit his/her claim for admission and continuation in the program.

12.3. Candidates should submit all the original documents for **physical verification** at the time of interview as per the instructions from University and as per the COVID-19 protocol which will be updated in NISH website. Failing to comply with the instructions from University, he/she will forfeit his/her claim for admission. Change of date, or venue of interview or extension of time for producing originals of documents will be allowed only as per university instructions.

12.4. If the Institute is unable to perform the physical admission process due to restrictions imposed by the State Government / University, this information will be updated in the NISH website.

12.5. NISH does not have hostel facilities currently. Several established hostels are available in the city including Government hostels. NISH does not recommend the students to stay in paying guest facilities offered by private individuals near NISH or anywhere in the city. Students should stay only at registered places.

# 13. GENERAL CODE OF CONDUCT

13.1. All the candidates admitted to the program at NISH will abide by the rules and regulations issued from time to time by the Executive Director, NISH.

13.2. Ragging in any form is strictly forbidden inside the campus. Non-tolerance policy is implemented and any such case will be reported to the Police immediately.

13.3. A policy document is available regarding prevention of sexual harassment on campus. The Committee for Prevention of Sexual Harassment is in operation on campus to oversee implementation of the policy. Any complaint will be addressed immediately.

13.4. Smoking, consumption of alcohol, and use of illegal drugs in any form is strictly prohibited within the campus. Violators will be dealt with immediately and appropriate disciplinary action will be taken.

13.5. Students are required to maintain the buildings and campus clean and the equipment should be handled with care. Any damages to the building or equipment will be made good and the cost recovered from the person responsible.

13.6. Students cannot enter the classroom or practical after the session has started nor will they be allowed to leave the session without the permission of the faculty-in-charge.

13.7. Every student will be issued an Identity Card, which must be worn around the neck using the tag provided. This is applicable at all times when the student is on campus. If the card is lost or damaged, duplicate cards will be issued on payment of additional fees.

13.8. Leave of absence will be granted only on medical grounds. Such leaves only will be considered for the purpose of granting relaxation of minimum attendance requirements.

# 14. EVALUATIONS,EXAMINATIONS AND ISSUE OF DEGREE

14.1. The admitted candidates will be evaluated and graded continuously throughout each semester. Apart from this,there will be an End-semester examination at the end of each semester. The grading obtained during the semester and end-semester examination will be considered for the final grading for the semester.

14.2. **PreparatoryYear**

The first two semesters are preparatory semesters. This is called the Preparatory Year. Only candidates who secure a pass for all subjects in the preparatory

semesters will be eligible to register for the third semester. The Preparatory Semesters carry no credits for B.Sc. (ComputerScience)(HI), Bachelor of Commerce (HI) and Bachelor of Fine Arts (HI) and shall not be considered in the final grading for the issue of the degree.

14.3. **B.Sc. (ComputerScience) (HI)**

The students shall be evaluated continuously through each semester. The evaluation for a Course/Subject shall involve – (1) Continuous Assessment (CA) and (2) End Semester Examination (ESE). A maximum of three Continuous Assessments shall be conducted for each Course/Subject. The best two marks from the three shall be considered for consolidating CA. There shall be a final examination at the end of every semester in each theory and lab course/subject. Semester examinations for the odd semesters namely the third, fifth and seventh semesters will be conducted by the Head of the Institute/Principal of the college, the marks of which will be recorded in the consolidated mark list issued to the candidate on completion of the program. For the even semesters i.e.; the fourth, sixth and eighth semester, the University of Kerala will conduct the semester examinations. The students shall be required to earn a minimum of 120 Credits for the award of the Degree.

14.4. **Bachelor of Fine Arts (HI)**

There will be two internal assessments (IA) in each semester for each subject. The University will conduct the even semester examinations for the fourth and the tenth semesters. Semester examinations for the odd semesters third, fifth, sixth, seventh, eighth and ninth semesters will be conducted by the Head of the Institute/Principal of the college, the marks of which will be recorded in the consolidated mark list issued to the candidate on completion of the program.

14.5. **Bachelor of Commerce (HI)**

The students shall be evaluated continuously through each semester. The evaluation for a Course/Subject shall involve – (1) Continuous Assessment (CA) and (2) End Semester Examination (ESE). A maximum of three Continuous


Assessments shall be conducted for each Course/Subject. The best two marks from the three shall be considered for consolidating CA. There shall be a final examination at the end of every semester in each theory and lab course/subject. Semester examinations for the odd semesters namely the third, fifth and seventh semesters will be conducted by the Head of the Institute/Principal of the college, the marks of which will be recorded in the consolidated mark list issued to the candidate on completion of the program. For the even semesters i.e.; the fourth, sixth and eighth semester, the University of Kerala will conduct the semester examinations. The students shall be required to earn a minimum of 120 Credits for the award of the Degree.

14.6. University of Kerala will award the degree after the student has successfully passed the program.


**Any other details not specifically covered by the above clauses will be decided by the Executive Director and such decision will be final.**

# 15. STEPS TO PAY THE FEES THROUGH ONLINE GATEWAY


**STEP 1** : VISIT [www.nish.ac.in](http://www.nish.ac.in)





**STEP 2** : CLICK "PAY ONLINE"




**STEP 3** : SELECT APPLICATION FEE/ COURSE FEE




**STEP 4** : ENTER THE REQUIRED FIELDS




**STEP 5** : CLICK THE SQUARE BOX




**STEP 6** : CLICK " MAKE PAYMENT "





**STEP 7** : ENTER THE CREDIT/DEBIT CARD NUMBER,MONTH & YEAR OF EXPIRY AND CVV




**STEP 8** : CLICK "MAKE PAYMENT"




**STEP 9** : ENTER ONE TIME PASSWORD (OTP)




**STEP 10** : CLICK "MAKE PAYMENT"



# നിഷ്

## ബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശനം

*ബധിരരും ശ്രവണപരിമിതിയുള്ളവരുമായ വിദ്യാർത്ഥികൾക്കു മാത്രം*

(കേരള സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്നു)

## 2020 -2021

ബാച്ചിലർ ഓഫ് ഫൈൻ ആർട്സ് (എച്ച്.ഐ.)

ബാച്ചിലർ ഓഫ് കോമേഴ്സ് (എച്ച്.ഐ.)

ബി.എസ്.സി. (കംപ്യൂട്ടർ സയൻസ്) (എച്ച്.ഐ.)

# പ്രോസ്പെക്ടസ്


നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്,

ശ്രീകാര്യം പി.ഒ., തിരുവനന്തപുരം 695017,കേരള, ഇന്ത്യ

ഫോൺ: +914712944601, 2596919, 2596920. ഫാക്സ്:+914713066699;
വെബ് സൈറ്റ്: : www.nish.ac.in

പ്രവേശനം സംബന്ധിച്ച ഇ-മെയിൽ ::admissions@nish.ac.in വെബ് സൈറ്റ്: http://admissions.nish.ac.in
അഡ്മിഷൻ ഹെൽപ് ലൈൻ: +914712944635

ഉള്ളടക്കം


| | | |
|---|---|---|
| 1 | സ്ഥാപനം | 3 |
| 2 | കോഴ്സ് | 3 |
| 3 | സീറ്റുകൾ | 4 |
| 4 | സീറ്റ് സംവരണം | 4 |
| 5 | ആർക്കൊക്കെ അപേക്ഷിക്കാം | 4 |
| 6 | അപേക്ഷിക്കേണ്ട രീതി | 5 |
| 7 | അപേക്ഷിക്കാനുള്ള അവസാന തീയതി | 7 |
| 8 | തിരഞ്ഞെടുക്കുന്ന വിധം | 7 |
| 9 | ഓൺലൈൻ വൈവാവോസി അഭിരുചിപരീക്ഷയ്ക്ക് ആവശ്യമായ കാര്യങ്ങൾ | 9 |
| 10 | പ്രവേശനം സംബന്ധിച്ച പ്രധാന തീയതികൾ | 9 |
| 11 | ഫീസ് ഘടന | 9 |
| 12 | പൊതുവായ വിവരങ്ങൾ | 11 |
| 13 | പൊതുവായ പെരുമാറ്റച്ചട്ടങ്ങൾ | 12 |
| 14 | മൂല്യനിർണ്ണയം, പരീക്ഷകൾ, ബിരുദദാനം | 13 |
| 15 | ഓൺലൈൻ വഴി ഫീസ് അടയ്ക്കേണ്ട വിധം | 15 |

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്

ശ്രീകാര്യം പി.ഒ., തിരുവനന്തപുരം 695017,കേരള, ഇന്ത്യ

## 1. സ്ഥാപനം

കേരള സർക്കാരിന്റെ സാമൂഹികനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന അക്കാദമിക് സ്ഥാപനമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിങ് (നിഷ്). 1955-ലെ ട്രാവൻകൂർ കൊച്ചി ലിറ്റററി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം കേരള സർക്കാർവക സൊസൈറ്റിയായി രജിസ്റ്റർ ചെയ്യപ്പെട്ടു. ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി വിദ്യാഭ്യാസപരവും പുനരധിവാസപരവുമായ കർമ്മപരിപാടികൾ നടപ്പാക്കുകയും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് നിഷ് സ്ഥാപിതമായത്. ശ്രവണ സംസാര പരിമിതികളിലാണ് തുടക്കത്തിൽ നിഷ് കൂടുതൽ ഊന്നൽ കൊടുത്തിരുന്നതെങ്കിലും ഇപ്പോൾ മറ്റു ഭിന്നശേഷികളിലേയ്ക്കും അതിന്റെ സേവന മേഖല വ്യാപിപ്പിച്ചിരിക്കുന്നു. ശ്രവണ പരിമിതർക്ക് ഉന്നത വിദ്യാഭ്യാസം നല്കുതിനും അവരുടെ സേവനത്തിനായി പ്രൊഫഷനലുകളെ വാർത്തെടുക്കുന്നതിനും സഹായിക്കുന്ന കോഴ്സുകൾ നിഷ് നടത്തിവരുന്നു.

## 2. കോഴ്സുകൾ

2.1 ബധിരരും ശ്രവണപരിമിതിയുള്ളവരുമായ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ബിരുദ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനുള്ളതാണ് ഈ പ്രോസ്പെക്ടസ്. ബി എസ് സി കംപ്യൂട്ടർ സയൻസ് (എച്ച് ഐ), ബാച്ചിലർ ഓഫ് കോമേഴ്സ് (എച്ച്ഐ), ബാച്ചിലർ ഓഫ് ഫൈൻ ആർട്സ്(എച്ച് ഐ) എന്നിവയാണ് ഈ ബിരുദ കോഴ്സുകൾ. ഈ കോഴ്സുകളെല്ലാം കേരള സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്നു.

2.2 മേൽപ്പറഞ്ഞ കോഴ്സുകളുടെ പാഠ്യപദ്ധതിയിൽ തിയറിയും പ്രാക്ടിക്കലും ഉൾപ്പെടുന്നു. പ്രാക്ടിക്കൽ സെഷനുകൾക്കാണ് കൂടുതൽ ഊന്നൽ കൊടുത്തിരിക്കുന്നത്. കോഴ്സ് വിജയകരമായി

പൂർത്തിയാക്കുന്നവർക്ക് കേരള സർവ്വകലാശാല ബാച്ചിലർ ബിരുദം നല്കുന്നതാണ്.

2.3 ഈ കോഴ്സുകളുടെ ചട്ടങ്ങളും സ്കീമും സിലബസ്സും 2019-ൽ പരിഷ്കരിക്കുകയുണ്ടായി അത് ക്രെഡിറ്റ് അധിഷ്ഠിത സിലബസ്-ലേക്കു (Credit based syllabus) മാറ്റുകയും ചെയ്തു. ബി എസ് സി കംപ്യൂട്ടർ സയൻസ് (എച്ച് ഐ) ബി കോം. (എച്ച്. ഐ) കോഴ്സുകളുടെ കാലാവധി 4 വർഷവും എട്ടു സെമസ്റ്ററുകളുമാണ്. ബാച്ചിലർ ഓഫ് ഫൈൻ ആർട്സ്-ന് ഇവ യഥാക്രമം 5 വർഷവും 10 സെമസ്റ്ററുകളുമാണ്. ഒന്നാം വർഷം (രണ്ടു സെമസ്റ്ററുകൾ) 'പ്രിപ്പറേറ്ററി വർഷമാണ്.എല്ലാ കോഴ്സുകൾക്കും ബാധകമായ പ്രിപ്പറേറ്ററിയിൽ അടിസ്ഥാന ഗണിതം ഇംഗ്ലീഷ്, ഇന്ത്യൻ സൈൻ ലാങ്ഗ്വിജ് എന്നീ വിഷയങ്ങൾ ഉണ്ടായിരിക്കും. ഏതെങ്കിലും ഒരു ബിരുദ കോഴ്സിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥി പ്രിപ്പറേറ്ററി ഇയറിലെ എല്ലാ വിഷയങ്ങൾക്കും ജയിച്ചെങ്കിൽ മാത്രമേ ബിരുദ കോഴ്സിന്റെ രണ്ടാം വർഷത്തെ തുടർപഠനത്തിന് അർഹത നേടുകയുള്ളൂ.

## 3. സീറ്റുകളുടെ എണ്ണം

3.1 ഓരോ കോഴ്സിനും 30 സീറ്റുകൾ വീതമാണ് ഉള്ളത്. നിഷ് നടത്തുന്ന ഓൺലൈൻ ടെസ്റ്റും വൈവാവോസിയും പാസാകുന്നവർക്കു മാത്രമായിരിക്കും അഡ്മിഷൻ ലഭിക്കുക

## 4. സീറ്റു സംവരണം

4.1 ഓരോ പ്രോഗ്രാമിലെയും ആകെ സീറ്റുകളുടെ 20 ശതമാനം (അതായത് ആറു സീറ്റുകൾ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കു സംവരണം ചെയ്തിരിക്കുന്നു.

4.2 മുകളിൽ പറഞ്ഞിരിക്കുന്ന വിഭാഗത്തിൽ ഏതെങ്കിലും സീറ്റ് ഒഴിഞ്ഞുകിടക്കുന്ന പക്ഷം അത് പൊതുവിഭാഗത്തിൽ ഉൾപ്പെടുത്തുന്നതാണ്.

## 5. ആർക്കൊക്കെ അപേക്ഷിക്കാം.

5.1 ഭിന്നശേഷിക്കാർക്ക് തുല്യാവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും ഉറപ്പാക്കുന്ന 2016-ലെ നിയമത്തിൽ നിർവ്വചിക്കപ്പെട്ടിരിക്കും വിധം ശ്രവണ പരിമിതിയുള്ളവർക്കായി

പ്രവേശനം പരിമിതപ്പെടുത്തിയിരിക്കുന്നു. ശ്രവണപരിമിതി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇരുചെവിയിലും 60 മുതൽ 70 ഡെസിബെൽ വരെ കേൾവിക്കുറവുള്ള അവസ്ഥയാണ്. ബധിരത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇരുചെവിയിലും 70 ഡെസിബെല്ലിൽ കൂടുതൽ കേൾവിക്കുറവുള്ള അവസ്ഥയാണ്.

5.2 ഡിഗ്രി (എച്ച് ഐ) കോഴ്സിൽ പ്രവേശനം തേടുന്നവർ പ്ലസ് ടു അഥവാ പ്രീഡിഗ്രി പരീക്ഷയോ, ബിരുദ പ്രവേശനത്തിനായി ഇന്ത്യയിലെ ഏതെങ്കിലും ബോർഡോ, യൂണിവേഴ്സിറ്റിയോ അംഗീകരിച്ച തത്തുല്യപരീക്ഷയോ ജയിച്ചിരിക്കണം. ഇന്ത്യയിലോ വിദേശത്തോ ഉള്ള തത്തുല്യമായ പരീക്ഷകൾ ജയിച്ചവരും അപേക്ഷിക്കാൻ അർഹരാണ്.

## 6. അപേക്ഷിക്കേണ്ട രീതി

6.1 അപേക്ഷകർ **http://admissions.nish.ac.in**എന്ന വെബ് സൈറ്റിലൂടെ ഓൺ ലൈനായി അപേക്ഷിക്കണം.

6.2 നിഷ്-ൽ നിന്നുള്ള അറിയിപ്പുകൾ സ്വീകരിക്കുന്നതിനായി എല്ലാ അപേക്ഷകർക്കും സ്വന്തമായി ഇ.മെയിൽ ഐ.ഡി.യും മൊബൈൽ ഫോൺ നമ്പറും ഉണ്ടായിരിക്കണം. തന്നിരിക്കുന്ന മൊബൈൽ നംപറിന് വാട്സ് ആപ് വീഡിയോ കോൾ സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്.അപേക്ഷാ ഫാറത്തിൽ ഇവ രണ്ടും കൃത്യമായി ചേർത്തിരിക്കണം. തപാൽ വഴി യാതൊരു വിവരങ്ങളും അറിയിക്കുന്നതല്ല.

6.3 പൊതുവിഭാഗം ഒ ബി സി വിഭാഗം എന്നിവർക്ക് 150 രൂപയും പട്ടികജാതി/പട്ടികവർഗ്ഗത്തിൽപെട്ടവർക്ക് 75 രൂപയുമായിരിക്കും അപേക്ഷാ ഫീസ്.

6.4 ഫീസ് അടയ്ക്കുന്നതിലുണ്ടാകുന്ന ബാങ്ക്ചാർജുകൾ അപേക്ഷകർ തന്നെ വഹിക്കേണ്ടതാണ്.

6.5 അപേക്ഷാ ഫീസ് നിഷ്-ന്റെ വെബ്സൈറ്റിൽ (www.nish.ac.in) കൊടുത്തിട്ടുള്ള **പേയ്മെന്റ് ഗേറ്റ് വെ** മുഖേനയോ അല്ലെങ്കിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഏത് ബ്രാഞ്ചിലും അവിടെ നിന്നും ലഭിക്കുന്ന ചലാൻ ഫാറത്തിൽ അടയ്ക്കാവുന്നതാണ് .

**അക്കൗണ്ട് നമ്പർ 67224749979, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ആക്കുളം, തിരുവനന്തപുരം** എന്ന നിഷ് അക്കൗണ്ടിൽ ഫീസടക്കണം . നിഷ്-ന്റെ അഡ്മിഷൻ വെബ്സൈറ്റായ admissions.nish.ac.in. -ൽ നിന്ന് ചലാൻ

ഫാറം ഡൗൺ ലോഡ് ചെയ്യാവുന്നതുമാണ്. ഡൗൺ ലോഡ് ചെയ്ത ചെലാൻ ഫാറത്തിൽ, പണമടയ്ക്കാനുള്ള നിഷ് -ന്റെ അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയിട്ടുണ്ട് ബാങ്കിൽ നിന്നും ലഭിക്കുന്ന ചെലാൻ നമ്പരും ഫീസടച്ചതിന്റെ വിശദാംശങ്ങളും അപേക്ഷാ ഫാറത്തിൽ കാണിച്ചിരിക്കണം.

6.6 ഇന്റർനെറ്റ് ബാങ്കിങ് സൗകര്യമുള്ളവർക്ക് **NEFT** ഇടപാടിലൂടെ നിഷ്ന്റെ 'ഫീ അക്കൗണ്ടിലേയ്ക്ക് പണം കൈമാറാവുന്നതാണ്. ഇത്തരത്തിൽ ഫീസടയ്ക്കുന്നതിനുള്ള അക്കൗണ്ട് നമ്പർ :67224749979, **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ**, ആക്കുളം ബ്രാഞ്ച്, തിരുവനന്തപുരം **IFSC കോഡ് SBIN 00070581.** യുണീക്ക് ട്രാൻസാക്ഷൻ റഫറൻസ് (UTR) നമ്പറും തീയതിയും അപേക്ഷാ ഫാറത്തിൽ ചേർക്കേണ്ടതുണ്ട് .

6.7 അപേക്ഷകർ ഇന്റർവ്യൂവിനു ഹാജരാകുമ്പോൾ അസ്സൽ ചലാനോ, NEFT /ഓൺലൈൻ വഴി ഫീസടച്ചതിനുള്ള തെളിവോ കൊണ്ടു വരേണ്ടതാണ്.

6.8 ഫീസടച്ചതിനുള്ള NEFT/ ഓൺലൈൻ രേഖകൾ / ചെല്ലാൻ ഇല്ലാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

6.9 അപേക്ഷകർ അപേക്ഷയോടൊപ്പം അസ്സൽ സർട്ടിഫിക്കറ്റുകൾ അയയ്ക്കാൻ പാടില്ല. അപ്രകാരം അയച്ചാൽ അസ്സൽ സർട്ടിഫിക്കറ്റുകളുടെ ഉത്തരവാദിത്വം നിഷ് ഏറ്റെടുക്കുന്നതല്ല.

6.10 അസ്സൽ സർട്ടിഫിക്കറ്റുകൾ ഇന്റർവ്യൂ സമയത്ത് ഹാജരാക്കേണ്ടതാണ്

6.11 താഴെപ്പറയുന്ന ഏതെങ്കിലും കാരണത്താൽ അപേക്ഷ നിരസിക്കുന്നതിനുള്ള അധികാരം നിഷ്-ൽ നിക്ഷിപ്തമാണ്.

1. അപൂർണ്ണമായ അപേക്ഷാഫോറം.
2. അപേക്ഷയിൽ പറയുന്ന വിവരങ്ങളും ഹാജരാക്കിയിരിക്കുന്ന രേഖകളും തമ്മിൽ പൊരുത്തപ്പെടാതിരിക്കുക
3. നിർദ്ദിഷ്ട ഫീസ് അടയക്കാതിരിക്കുകയോ ഫീസടച്ചതിന് തെളിവ് ഹാജരാക്കുകയോ ചെയ്യാതിരിക്കുക.
4. അപേക്ഷകന് യോഗ്യതാ മാനദണ്ഡങ്ങൾ ഇല്ലാതിരിക്കുക
5. വ്യാജമായതോ, തെറ്റായതോ ആയ വിവരങ്ങൾ നല്കുക.
6. അപേക്ഷയുടെ പ്രിന്റൗട്ടിനോടൊപ്പം ആവശ്യമുള്ള രേഖകൾ ഉൾക്കൊള്ളിക്കാതിരിക്കുക.

6.12 വിദേശത്തുനിന്നുള്ള അപേക്ഷകർ അപേക്ഷ സമർപ്പിക്കുന്നതിന്റെയും പ്രവേശന നടപടി ക്രമങ്ങളുടെയും വിശദാംശങ്ങൾ അറിയുന്നതിനായി അഡ്മിഷൻ ഹെൽപ് ലൈനിൽ ബന്ധപ്പെടേണ്ടതാണ്.

## 7. അപേക്ഷിക്കേണ്ട അവസാന തീയതി

7.1 ഓൺ ലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി **2020 ഒക്ടോബർ 28** ആണ്.മറ്റു പ്രധാന തീയതികൾ സെക്ഷൻ 10 ൽ കൊടുത്തിരിക്കുന്നു.

## 8. തിരഞ്ഞെടുക്കുന്ന വിധം

8.1 ഡിഗ്രി (എച്ച് ഐ) കോഴ്സിന് അപേക്ഷിക്കുന്നവർ നിഷ് നടത്തുന്ന ഓൺ ലൈൻ അഭിരുചി പരീക്ഷയിൽ പങ്കെടുക്കേണ്ടതുണ്ട്.

8.2 കോവിഡ് 19 മഹാമാരിയെ തുടർന്ന് ഈ വർഷത്തെ വൈവാവോസി പ്രവേശന അഭിരുചി പരീക്ഷ ഓൺ ലൈനായി നടത്തുന്നതാണ്.

8.3 ഓൺലൈൻ വൈവാവോസി അഭിരുചി പരീക്ഷയ്ക്ക് പങ്കെടുക്കാത്തവരെ പ്രവേശനത്തിന് പരിഗണിക്കുകയില്ല

8.4 അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ ഓൺലൈൻ വൈവാവോസി

അഭിരുചി പരീക്ഷയ്ക്ക് മുമ്പായി അയച്ചുതരുന്നതാണ്. അപേക്ഷകർ ഈ നിർദ്ദേശങ്ങൾ കൃത്യമായി വായിച്ച് മനസ്സിലാക്കേണ്ടതാണ്

8.5 ഓൺലൈൻ വൈവാവോസി അഭിരുചി പരീക്ഷ ഓരോ അപേക്ഷകർക്കും പ്രത്യേകമായി നടത്തുന്നതാണ്. ഇതിന്റെ തീയതിയും സമയവും മുൻകൂട്ടി അറിയിക്കുന്നതായിരിക്കും.

8.6 ഇംഗ്ലീഷ്, കണക്ക്, ലോജിക്കൽ, റീസണിങ് എന്നീ വിഷയങ്ങൾ അടിസ്ഥാനമാക്കിയായിരിക്കും ഓൺ ലൈൻ പ്രവേശന പരീക്ഷ നടത്തുന്നത്.

8.7 ബി എഫ് എ (എച്ച്. ഐ ) കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ ചിത്രരചനയിൽ അവരുടെ അഭിരുചി തെളിയിക്കുന്ന മറ്റൊരു പരീക്ഷയിൽ കൂടി പങ്കെടുക്കേണ്ടതാണ്. അതിലേക്കായി അദ്ധ്യാപകരുടെ നിർദേശപ്രകാരം കുട്ടികൾ വരക്കുന്ന ചിത്രങ്ങൾ admissions@nish.ac.in എന്ന ഇ-മെയിൽ ഐഡി-യിൽ നിശ്ചിത ദിവസത്തിന് മുൻപ് തന്നെ അയക്കേണ്ടതാണ്. ഈ അഭിരുചി പരീക്ഷയിൽ വിജയിക്കുന്നവർക്കു മാത്രമേ ബി എഫ് എ കോഴ്സിലേയ്ക്കു പ്രവേശനം ലഭിക്കുകയുള്ളു.

8.8 ചിത്ര രചന അഭിരുചി പരീക്ഷയിൽ പങ്കെടുക്കാത്തവർ ബി.എഫ്.എ (എച്ച്. ഐ ) കോഴ്സിലേയ്ക്ക് പരിഗണിക്കുന്നതല്ല.

8.9 സുതാര്യത ഉറപ്പാക്കാനായി ഈ നടപടിക്രമങ്ങളെല്ലാം വീഡിയോ റിക്കാർഡ് ചെയ്ത് സൂക്ഷിക്കുന്നതാണ്.

8.10 ഓൺലൈൻ വൈവാവോസി അഭിരുചിപരീക്ഷയ്ക്ക് മിനിമം കട്ട്ഓഫ് മാർക്ക് ഉണ്ടായിരിക്കും. കട്ട്ഓഫിന് മുകളിൽ മാർക്ക് ലഭിക്കുന്നവർക്കു മാത്രമേ പ്രവേശനത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

8.11 ഓൺലൈൻ വൈവാവോസി അഭിരുചിപരീക്ഷയുടേയും യോഗ്യതാ പരീക്ഷയുടേയും മാർക്കുകൾക്ക് തുല്യ പരിഗണന നൽകി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നായിരിക്കും ഡിഗ്രി പ്രോഗ്രാമിലേക്ക് പ്രവേശനം നൽകുക.

8.12 ഒരു സീറ്റിലേക്ക് ഒരേ മാർക്കുള്ള ഒന്നിലധികം അപേക്ഷകരുണ്ടാകുന്ന പക്ഷം താഴെപ്പറയുന്ന കാര്യങ്ങൾ ക്രമാനുഗതമായി കണക്കിലെടുക്കുന്നതായിരിക്കും

1. പ്രവേശന പരീക്ഷയിൽ നേടിയ മാർക്ക്
2. യോഗ്യതാ പരീക്ഷ അതായത് പ്ലസ്-ടു പരീക്ഷയിൽ നേടിയ മാർക്ക്
3. ജനനത്തീയതി. (പ്രായം കൂടിയവർക്ക് മുൻഗണന നല്കുന്നതായിരിക്കും ).

ഇത്തരം സന്ദർഭങ്ങളിൽ എക്സിക്യൂട്ടീവ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും.

8.13 റാങ്ക് ലിസ്റ്റിൽ ഇടം നേടിയ വിദ്യാർത്ഥികൾക്ക് അഭിമുഖ സമയത്തു തനിക്കു ഇഷ്ടമുള്ള കോഴ്സ് തിരഞ്ഞെടുക്കാവുന്നതാണ്.

8.14 ബി.എഫ്. എ . (എച്ച്. ഐ) ബി.കോം (എച്ച്. ഐ) ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് (എച്ച്. ഐ) എന്നീ കോഴ്സുകളിലേക്കു പ്രത്യേകം കട്ട് ഓഫ് മാർക്ക് ഉണ്ടായിരിക്കുന്നതാണ്.

8.15 ഓൺലൈൻ പ്രവേശന പരീക്ഷയിലോ അഭിമുഖത്തിലോ പങ്കെടുക്കാത്തവർക്കു ഡിഗ്രി കോഴ്സുകളിൽ ചേരാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

8.16 ഒരു കോഴ്സിലേയ്ക്ക് പ്രവേശനം നേടി, പേരുവിവരങ്ങൾ യൂണിവേഴ്സിറ്റിയിലേയ്ക്ക് അയച്ചുകഴിഞ്ഞാൽ, പിന്നീട് മറ്റൊരു കോഴ്സിലേയ്ക്ക് മാറാൻ അനുവദിക്കുന്നതല്ല.

## 9. ഓൺലൈൻ വൈവാവോസി അഭിരുചിപരീക്ഷയ്ക്ക് ആവശ്യമായ കാര്യങ്ങൾ

9.1 സ്മാർട്ഫോൺ/ലാപ്ടോപ്പ്/കമ്പ്യൂട്ടർ (ഇന്ററർനെറ്റ് കണക്ഷനോട് കൂടി)

9.2 വാട്സ് ആപ് മെസൻജർ (വെർഷൻ 2.20.194.16 ഏറ്റവും പുതിയത്) അല്ലെങ്കിൽ ഗൂഗിൾ മീറ്റ്.

## 10. പ്രവേശനവുമായി ബന്ധപ്പെട്ട പ്രധാന തീയതികൾ

10.1 പ്രവേശനവുമായി ബന്ധപ്പെട്ട പ്രധാന തീയതികൾ താഴെ കൊടുത്തിരിക്കുന്നു. ഇവയിൽ എന്തെങ്കിലും മാറ്റമുള്ളപക്ഷം എസ് എം എസ്സ്, ഇമെയിൽ എന്നിവ മുഖേന അക്കാര്യം അപേക്ഷകരെ അറിയിക്കുന്നതാണ്

| ക്രമ നമ്പർ | വിശദാംശങ്ങൾ | തീയതി |
|---|---|---|
| 1 | അപേക്ഷ സ്വീകരിച്ചു തുടങ്ങുന്നത് | ഒക്ടോബർ 14/2020 |
| 2 | ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി | ഒക്ടോബർ 28/2020 |
| 3 | ഓൺലൈൻ പ്രവേശന പരീക്ഷ/ വൈവാവോസി | നവംബർ 2/2020 മുതൽ നവംബർ 10 /2020 വരെ |
| 4 | റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം | നവംബർ 16/2020 |
| 5 | ഇന്റർവ്യൂ ,പ്രവേശന നടപടികൾ | നവംബർ 19/2020 മുതൽ നവംബർ 24/2020 വരെ |
| 6 | ക്ലാസ് ആരംഭിക്കുന്നത് | തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും |

## 11. ഫീസ് ഘടന

11.1 ഇന്ത്യൻ പൗരന്മാർക്ക് ട്യൂഷൻ ഫീസ് ഓരോ സെമസ്റ്ററിലേയ്ക്കും 6000 രൂപയായിരിക്കും.

11.2 ഇതിനു പുറമെ പ്രവേശന സമയത്ത് വിദ്യാർത്ഥികൾ ബിരുദദാന ചടങ്ങിലേയ്ക്ക് 1000 രൂപയും, കോഷൻ ഡെപ്പോസിറ്റായി 2000 രൂപയും അടയ്ക്കേണ്ടതാണ് .ബിരുദ പഠനം പൂർത്തിയാക്കിപ്പോകുമ്പോൾ കോഷൻ ഡെപ്പോസിറ്റ് മടക്കിക്കൊടുക്കുന്നതായിരിക്കും. എന്നാൽ ഒന്നാം വർഷത്തെ പ്രിപ്പറേറ്ററിപരീക്ഷയിൽ അടുപ്പിച്ചു രണ്ടു തവണയും തോല്ക്കുന്ന വിദ്യാർത്ഥികൾ, കോഴ്സിൽ നിന്നും പുറത്താകുകയും,കോഷൻ ഡെപ്പോസിറ്റും, ബിരുദദാന ചടങ്ങിലേയ്ക്ക് അടച്ച 1000 രൂപയും തിരികെ ലഭിക്കുന്നതുമായിരിക്കും.

11.3 സാർക്ക് രാജ്യങ്ങളിൽനിന്നുള്ള വിദേശ വിദ്യാർത്ഥികൾക്ക് 20,000 രൂപയായിരിക്കും ഒരു സെമസ്റ്ററിലെ ട്യൂഷൻ ഫീസ്. മറ്റു രാജ്യങ്ങളിൽനിന്നുള്ള വിദ്യാർത്ഥികൾക്ക് ഇത് 30,000 രൂപയായിരിക്കും.

11.4 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഫീസ് സൗജന്യത്തിന് അർഹരാണ്. ട്യൂഷൻ ഫീസ് നല്കുന്നതിൽ നിന്ന് അവർ ഒഴിവാക്കപ്പെട്ടിരിക്കുന്നു . സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന OEC വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ, അവർക്കു കിട്ടിയ സീറ്റ് പട്ടികജാതി പട്ടികവർഗ്ഗക്കാർ പ്രയോജനപ്പെടുത്താതെപോയ കാരണത്താൽ ലഭിച്ചതാണെങ്കിൽ, അവരും ഫീസ് സൗജന്യത്തിന് അർഹരായിത്തീരും. ഇത്തരത്തിൽ ഫീസ് സൗജന്യം അനുവദിക്കുന്നത് പട്ടിക ജാതി പട്ടിക വർഗ്ഗ വകുപ്പ് നിർദ്ദേശിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും.

11.5 ട്യൂഷൻ ഫീസ് ഓരോ സെമസ്റ്ററിന്റെയും ആരംഭത്തിൽ അടക്കേണ്ടതാണ്. ഒരു സെമസ്റ്ററിലെ ആദ്യത്തെ പത്തു പ്രവർത്തി ദിവസങ്ങൾക്കകം ഫീസടയ്ക്കാത്ത പക്ഷം ലേറ്റ് ഫീസ് ഈടാക്കുന്നതായിരിക്കും.

11.6 യൂണിവേഴ്സിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പരീക്ഷ ഫീസും മറ്റു ഫീസുകളും വിദ്യാർത്ഥികൾ അടക്കേണ്ടതാണ്. ഒരിക്കൽ അടച്ച ഫീസ് ഒരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല.

11.7 ട്യൂഷൻ ഫീസും മറ്റ് ഫീസുകളും നിഷ്- വെബ്സൈറ്റ് (www.nish.ac.in) പേമെന്റ് ഗേറ്റ് വേ മുഖേനയോ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ(എസ് ബി ഐ) യുടെ ഏതെങ്കിലും ശാഖയിലൂടെ അവിടെ ലഭ്യമായ ചെല്ലാൻ ഉപയോഗിച്ചോ, അടയ്ക്കാം. പണം അടയ്ക്കേണ്ടത് നിഷ് അക്കൗണ്ട് നമ്പർ 67224749979 എസ് ബി ഐ, ആക്കുളം തിരുവനന്തപുരത്തിലേക്കാണ് . അപേക്ഷകർക്ക് ബാങ്ക് ചെല്ലാൻ നിഷ് -ന്റെ പ്രവേശന വെബ്സൈറ്റായ nish.ac.in ൽ നിന്ന് ഡൗൺ ലോഡ് ചെയ്ത് എടുക്കാം. ഇത്തരത്തിൽ ഡൗൺ ലോഡ് ചെയ്തെടുക്കുന്ന ചെല്ലാൻ ഫോമിൽ ഫീസടയ്ക്കേണ്ട നിഷ് അക്കൗണ്ടിന്റെ

വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കിൽ നിന്ന് ലഭിക്കുന്ന റഫറൻസ് നമ്പറും പണമടച്ചതിന്റെ മറ്റ് വിശദാംശങ്ങളും അപേക്ഷയിൽ ചേർക്കേണ്ടതാണ്.

11.8 പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാരിന്റെ സാമൂഹികനീതി-ശാക്തീകരണ മന്ത്രാലയം ഭിന്നശേഷിക്കാർക്ക് വേണ്ടി ഏർപ്പെടുത്തിയിരിക്കുന്നു . നാഷണൽ സ്കോളർഷിപ് എസ്.സി എസ്.ടി സ്കോളർഷിപ്പ്, സാമൂഹിക നീതി വകുപ്പിന്റെ സംസ്ഥാനതല സ്കോളർഷിപ്പ് എന്നിവയ്ക്ക് അപേക്ഷിക്കാവുന്നതാണ്. സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് വിദ്യാർത്ഥികൾക്ക് ആവശ്യമായ സഹായം നല്കുന്നതായിക്കും.

## 12. പൊതുവായ വിവരങ്ങൾ

12.1 ഇന്റർവ്യൂവിനു തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെ ഇ-മെയ്ൽ/SMS മുഖേന വിവരമറിയിക്കുന്നതാണ്. <u>തപാൽവഴി കത്തിടപാടുകൾ ഉണ്ടായിരിക്കുന്നതല്ല.</u>

12.2 പ്രവേശന സമയത്തോ, പിന്നീടെപ്പോഴെങ്കിലുമോ അപേക്ഷയിൽ വിദ്യാർത്ഥി നല്കിയിരിക്കുന്ന വിവരങ്ങൾ തെറ്റാണെന്നു ബോദ്ധ്യപ്പെട്ടാൽ വിദ്യാർത്ഥി / വിദ്യാർത്ഥിനിക്ക് അവരുടെ സീറ്റിന് അവകാശമില്ലാതാകുന്നതും പഠനം തുടർന്നു കൊണ്ടു പോകാൻ അവകാശം നഷ്ടപ്പെടുന്നതുമായിരിക്കും.

12.3 യൂണിവേഴ്സിറ്റിയുടെ നിർദ്ദേശപ്രകാരം, കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച്, നിഷ്-ൽ വച്ചായിരിക്കും ഇന്റർവ്യൂ നടത്തുക. സംസ്ഥാന ഗവൺമെന്റിന്റെയോ, യൂണിവേഴ്സിറ്റിയുടെയോ നിർദ്ദേശപ്രകാരം, അഡ്മിഷൻ പ്രക്രിയയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയാൽ, അത് നിഷ്-ന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ സർവ്വകലാശാല നിർദ്ദേശിക്കുന്ന എല്ലാ രേഖകളുടെയും അസ്സൽ ഹാജരാക്കേണ്ടതാണ്. ഇക്കാര്യം റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെ അറിയിക്കുന്നതായിരിക്കും. ഇപ്രകാരം സർവ്വകലാശാല നിർദ്ദേശിക്കുന്ന രേഖകളുടെ അസ്സൽ ഹാജരാക്കാത്തപക്ഷം, അവർക്ക് പ്രവേശനത്തിനുള്ള അവകാശം നഷ്ടപ്പെടുന്നതാണ് . ഒരു കാരണവശാലും ഇന്റർവ്യൂ തീയതിയോ, സ്ഥലമോ മാറ്റുകയോ, സർവ്വകലാശാല നിർദ്ദേശിച്ചിട്ടുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതിനു കൂടുതൽ സമയം അനുവദിക്കുകയോ ചെയ്യുന്നതല്ല.

12.4 നിഷ്-ന് നിലവിൽ ഹോസ്റ്റൽ സൗകര്യങ്ങളില്ല. ഗവൺമെന്റ് ഹോസ്റ്റലുകളുൾപ്പെടെ നഗരത്തിൽ ധാരാളം നല്ല ഹോസ്റ്റലുകൾ ലഭ്യമാണ്. സ്വകാര്യവ്യക്തികൾ നിഷ് -ന് സമീപത്തോ നഗരത്തിൽ മറ്റെവിടെയെങ്കിലുമോ വാഗ്ദാനം ചെയ്യുന്ന പേയിംഗ് ഗസ്റ്റ് സൗകര്യങ്ങൾ നിഷ് ഒരുകാരണവശാലും ശിപാർശചെയ്യുന്നതല്ല. കുട്ടികൾ രജിസ്റ്റേർഡ് ഹോസ്റ്റലുകളിൽ തന്നെ താമസിക്കേണ്ടതാണ്.

## 13. പൊതുവായ പെരുമാറ്റച്ചട്ടങ്ങൾ

13.1 നിഷ്-ലെ കോഴ്സുകളിൽ പ്രവേശിപ്പിക്കപ്പെടുന്ന എല്ലാ വിദ്യാർത്ഥികളും നിഷ്-ന്റെ എക്സിക്യൂട്ടീവ് ഡയറകടർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന എല്ലാ നിയമങ്ങളും ചട്ടങ്ങളും പാലിക്കാൻ ബാദ്ധ്യസ്ഥരാണ്.

13.2 ഏതുതരത്തിലുള്ള റാഗിങ്ങും കാമ്പസ്സിനുള്ളിൽ നിരോധിച്ചിരിക്കുന്നു റാഗിങ് ക്ഷമിക്കേണ്ട വിഷയമല്ലെന്ന നയം നടപ്പാക്കിയിരിക്കുന്ന തിനാൽ അത്തരത്തിലുള്ള ഏതു സംഭവവും ഉടൻ തന്നെ പോലീസിൽ റിപ്പോർട്ടു ചെയ്യുന്നതാണ്.

13.3 കാമ്പസ്സിനുള്ളിൽ ലൈംഗിക പീഡനം നിരോധിച്ചുകൊണ്ടുള്ള നയരേഖ നിലവിലുണ്ട്. ഈ നിയമം നടപ്പാക്കുന്നുണ്ടെന്നു ഉറപ്പാക്കാനും ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുമായി രൂപവത്കരിച്ച സമിതിയാണ്"കമ്മിറ്റി ഫോർ പ്രൊവിഷൻ ഓഫ് സെക്ഷ്വൽ ഹരാസ്മെന്റ്" . കമ്മിറ്റിക്കു ലഭിക്കുന്ന പരാതിയിൽ ഉടനടി നടപടികളെടുക്കുന്നതായിരിക്കും.

13.4 പുകവലി, മദ്യപാനം, ഏതെങ്കിലും വിധത്തിലുള്ള മയക്കുമരുന്നുകളുടെ ഉപയോഗം എന്നിവ കാമ്പസ്സിനുള്ളിൽ കർശനമായി നിരോധിച്ചിട്ടുണ്ട് .ഇതു ലംഘിക്കുന്നവർക്കെതിരെ യുക്തമായ അച്ചടക്ക നടപടികൾ ഉടൻതന്നെ സ്വീകരിക്കുന്നതാണ്.

13.5 വിദ്യാർത്ഥികൾ കെട്ടിടങ്ങളും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതും ഉപകരണങ്ങൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതുമാണ്. കെട്ടിടങ്ങൾക്കോ ഉപകരണങ്ങൾക്കോ ഏതെങ്കിലും തരത്തിലുള്ള തകരാറുകൾ വരുത്തുന്ന പക്ഷം അവ പരിഹരിക്കുന്നതിനുള്ള ചെലവ് ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കുന്നതായിരിക്കും .

13.6 ക്ലാസ്സുകളോ പ്രാക്ടിക്കൽ സെഷനുകളോ ആരംഭിച്ചു കഴിഞ്ഞതിനുശേഷം വിദ്യാർത്ഥികൾ ക്ലാസ്സിൽ കയറാൻ പാടുള്ളതല്ല.

ക്ലാസ്സിന്റെ ചുമതലയുള്ള ഫാക്കൽറ്റിയുടെ അനുവാദമില്ലാതെ ഒരു സെഷൻ വിട്ടു പോകാൻ ആരെയും അനുവദിക്കുന്നതല്ല.

13.7 എല്ലാ വിദ്യാർത്ഥികൾക്കും തിരിച്ചറിയൽ കാർഡു നല്കുന്നതും അതിനു തന്നിട്ടുള്ള ടാഗിൽ കോർത്ത് കഴുത്തിൽ ധരിക്കേണ്ടതുമാകുന്നു. വിദ്യാർത്ഥികൾ ക്യാമ്പസ്സിലുള്ള സമയമത്രയും ഇതു ബാധകമായിരിക്കും. ഐ.ഡി.കാർഡു നഷ്ടപ്പെടുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്താൽ ഫീസ് ഈടാക്കി ഡ്യൂപ്ലിക്കേറ്റ് കാർഡ് നല്ക്കുന്നതാണ്.

13.8 പ്രവൃത്തിസമയങ്ങളിൽ വിദ്യാർത്ഥികൾ ക്യാമ്പസ്സിനുള്ളിൽ മൊബൈൽ ഫോൺ ഉപയോഗിക്കാൻ അനുവദിക്കുന്നതല്ല. ക്യാമറ സൗകര്യമുള്ള മൊബൈൽ ഫോണുകൾ ക്യാമ്പസിനുള്ളിൽ നിരോധിച്ചിരിക്കുന്നു.

13.9 ആരോഗ്യപരമായ കാരണങ്ങളാൽ മാത്രമേ ലീവ് അനുവദിക്കുകയുള്ളു. ഇത്തരത്തിൽ അനുവദിച്ച അവധികൾ മാത്രമേ മിനിമം ഹാജർ വ്യവസ്ഥ ഇളവുചെയ്യുന്നതിന് പരിഗണിക്കുകയുള്ളൂ.

## 14. മൂല്യനിർണ്ണയം. പരീക്ഷകൾ, ബിരുദദാനം

14.1 പ്രവേശനം ലഭിച്ച വിദ്യാർത്ഥികളെ ഓരോ സെമസ്റ്ററിലും തുടർച്ചയായി വിലയിരുത്തി ഗ്രേഡ് നിർണ്ണയിക്കും. ഇതിനു പുറമെ ഓരോ സെമസ്റ്ററിന്റെ അവസാനത്തിലും 'എൻഡ് സെമസ്റ്റർ' പരീക്ഷകൾ നടത്തുന്നതാണ്. സെമസ്റ്ററിലും സെമസ്റ്ററിന്റെ അന്ത്യത്തിൽ നടത്തുന്ന പരീക്ഷയിലും നേടുന്ന ഗ്രേഡ് ആ സെമസ്റ്ററിലെ അവസാന ഗ്രേഡിങ്ങിൽ പരിഗണിക്കുന്നതായിരിക്കും.

14.2 **പ്രിപ്പറേറ്ററിഇയർ**:

ആദ്യത്തെ രണ്ട് സെമസ്റ്ററുകൾ പ്രിപ്പറ്റേറി സെമസ്റ്ററുകളാണ്. ഇതിനു തയ്യാറെടുപ്പുവർഷം അഥവാ പ്രിപ്പറ്റേറി ഇയർ എന്നു പറയുന്നു . പ്രിപ്പറേറ്ററി സെമസ്റ്ററുകളിലെ എല്ലാ വിഷയങ്ങളിലും വിജയിക്കുന്നവർ മാത്രമേ മൂന്നാം സെമസ്റ്ററിലേക്കു രജിസ്റ്റർ ചെയ്യാൻ യോഗ്യരാകുകയുള്ളൂ. എല്ലാ കോഴ്സുകൾക്കും പ്രിപ്പറേറ്ററി സെമസ്റ്ററുകൾ പൊതുവെയുള്ളതായിരിക്കും. പ്രിപ്പറ്റേറിസെമസ്റ്ററുകളിലെ പ്രകടനം ഡിഗ്രി നൽകുന്നതിനുള്ള അന്തിമ ഗ്രേഡിങ്ങിൽ പരിഗണിക്കുന്നതല്ല.

### 14.3. ബി.എസ്.സി. കംപ്യൂട്ടർ സയൻസ് (എച്ച്. ഐ)

ഓരോ സെമസ്റ്ററിലും വിദ്യാർത്ഥികളെ തുടർച്ചയായ വിലയിരുത്തലുകൾ വിധേയമാക്കുകയും , സെമസ്റ്ററുകളുടെ അവസാനത്തിൽ എൻഡ് സെമസ്റ്റർ പരീക്ഷകൾ ( Continuous assessment(CA) and End Semester Examination(ESE)) നടത്തുകയും ചെയ്യുന്നതായിരിക്കും ഓരോ വിഷയത്തിനും മൂന്ന് കണ്ടിന്യൂവസ് അസ്സസ്മെന്റുകൾ (CA) ഉണ്ടാകും. ഇവയിൽ ഏറ്റവും മെച്ചപ്പെട്ട രണ്ടു അസസ്സ്മെന്റുകൾ ആണ് കണക്കിലെടുക്കുക. ഒറ്റ സെമസ്റ്ററുകളിലെ (മൂന്ന് , അഞ്ച്, ഏഴ് സെമസ്റ്ററുകൾ) പരീക്ഷകൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മേധാവി /കോളേജ് പ്രിൻസിപ്പൽ നടത്തുന്നതാണ്. ഇതിന്റെ മാർക്കുകൾ കോഴ്സു പൂർത്തിയാക്കുമ്പോൾ വിദ്യാർത്ഥികൾക്കു വിതരണം ചെയ്യുകയും ഏകീകൃത മാർക്ക് ലിസ്റ്റിൽ ഉൾക്കൊള്ളിക്കുന്നതുമാണ്. ഇരട്ട സെമസ്റ്ററുകളിലെ (നാല്, ആറ്, എട്ട് സെമസ്റ്ററുകൾ) പരീക്ഷകൾ കേരള യൂണിവേഴ്സിറ്റി നടത്തുന്നതായിരിക്കും. ബിരുദം നേടുന്നതിന് കുറഞ്ഞത് 120 ക്രെഡിറ്റ് നിർബന്ധമാണ്.

### 14.4 ബാച്ചിലർ ഓഫ് ഫൈൻ ആർട്സ് (എച്ച്. ഐ)

ഓരോ സെമസ്റ്ററിലെയും ഓരോ വിഷയത്തിനും രണ്ട് ഇന്റേണൽ അസ്സസ്മെന്റുകൾ (IA) വീതമുണ്ടാകും. നാലും പത്തും സെമസ്റ്ററുകളിലെ പരീക്ഷകൾ യൂണിവേഴ്സിറ്റി നടത്തുന്നതാണ്. മൂന്ന് അഞ്ച് ആറ് ഏഴ് എട്ട് ഒൻപത് സെമസ്റ്ററുകളിലെ പരീക്ഷകൾ ഇൻസ്റ്റിട്യൂട്ടിന്റെ മേധാവി / കോളേജ് പ്രിൻസിപ്പൽ നടത്തുന്നതും അവയുടെ മാർക്ക് കോഴ്സു പൂർത്തിയാക്കുമ്പോൾ വിദ്യാർത്ഥികൾക്കു വിതരണം ചെയ്യുകയും ഏകീകൃതമാർക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതുമാണ്.

### 14.5 ബാച്ചിലർ ഓഫ് കോമേഴ്സ് (എച്ച്. ഐ)

ഓരോ സെമസ്റ്ററിലും വിദ്യാർത്ഥികളെ തുടർച്ചയായ വിലയിരുത്തലുകൾ വിധേയമാക്കുകയും , സെമസ്റ്ററുകളുടെ അവസാനത്തിൽ എൻഡ് സെമസ്റ്റർ പരീക്ഷകൾ ( Continuous assessment(CA) and End Semester Examination(ESE)) നടത്തുകയും ചെയ്യുന്നതായിരിക്കും ഓരോ വിഷയത്തിനും മൂന്ന് കണ്ടിന്യൂവസ് അസ്സസ്മെന്റുകൾ (CA) ഉണ്ടാകും. ഇവയിൽ ഏറ്റവും മെച്ചപ്പെട്ട രണ്ടു അസസ്സ്മെന്റുകൾ ആണ് കണക്കിലെടുക്കുക. ഒറ്റ സെമസ്റ്ററുകളിലെ (മൂന്ന് , അഞ്ച്, ഏഴ് സെമസ്റ്ററുകൾ) പരീക്ഷകൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മേധാവി /കോളേജ് പ്രിൻസിപ്പൽ നടത്തുന്നതാണ്. ഇതിന്റെ മാർക്കുകൾ കോഴ്സു പൂർത്തിയാക്കുമ്പോൾ വിദ്യാർത്ഥികൾക്കു വിതരണം ചെയ്യുകയും ഏകീകൃത മാർക്ക് ലിസ്റ്റിൽ ഉൾക്കൊള്ളിക്കുന്നതുമാണ്. ഇരട്ട


സെമസ്റ്ററുകളിലെ (നാല്, ആറ്, എട്ട് സെമസ്റ്ററുകൾ) പരീക്ഷകൾ കേരള യൂണിവേഴ്സിറ്റി നടത്തുന്നതായിരിക്കും. ബിരുദം നേടുന്നതിന് കുറഞ്ഞത് 120 ക്രെഡിറ്റ് നിർബന്ധമാണ്.

14.6 വിദ്യാർത്ഥികൾ കോഴ്സ് വിജയകരമായി പൂർത്തിയാക്കി കഴിയുമ്പോൾ കേരള യൂണിവേഴ്സിറ്റി അവർക്ക് ബിരുദം നല്കുന്നതാണ്.


**മുകളിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളിൽ എക്സിക്യൂട്ടീവ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും.**

## 15.ഓൺലൈൻ വഴി ഫീസ് അടയ്ക്കേണ്ട വിധം


**STEP 1** : www.nish.ac.in തുറക്കുക





**STEP 2** : "പേ-ഓൺലൈൻ"-ൽ ക്ലിക്ക് ചെയ്യുക





**STEP 3** : അപ്ലിക്കേഷൻ ഫീസ്/ കോഴ്സ് ഫീസ് തിരഞ്ഞെടുക്കുക




**STEP 4** : ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുക




**STEP 5** : സ്ക്വയർ ബോക്സിൽ ക്ലിക്ചെയ്യുക




**STEP 6** : "പണം അടയ്ക്കുക"-ക്ലിക് ചെയ്യുക.




**STEP 7** :ക്രെഡിറ്റ്/ഡെബിറ്റ് കാർഡ് നംപർ, കാർഡിന്റെ കാലാവധി തീരുന്ന മാസം,വർഷം സി വി വി നംപർ എന്നിവ രേഖപ്പെടുത്തുക.




**STEP 8** : : “പണം അടയ്ക്കുക”-ക്ലിക് ചെയ്യുക”.




**STEP 9** :ഒറ്റ തവണ പാസ് വേർഡ് (ഒ ടി പി) രേഖപ്പെടുത്തുക




**STEP 10** : “പണം അടയ്ക്കുക”-ക്ലിക് ചെയ്യുക.

